-99 വർഷങ്ങളിൽ ചെയ്തു തീർത്ത പണികളുടെ വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.†

(ബി) കടലാക്രമണ നിരോധനപ്രവൃത്തികളുടെ റിഫോർമേഷനുവേണ്ടി പ്ളാൻ, നോൺ പ്ളാൻ സ്കീമുകളിലായി ഓരോ തീരദേശജില്ലയ്ക്കും 1997-98-ലും 1998-99-ലും അനുവദിച്ച തുക അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു. †

(സി) റിഫോർമേഷൻ ഇനത്തിൽ 2/99വരെയുള്ള കുടിശ്ശിക അനുബന്ധം-സി ആയി ചേർത്തിരിക്കുന്നു. †

(ഡി) 1999- 2000 -ൽ ഈ കണക്കിനത്തിൽ പ്ളാൻ ഇനത്തിൽ 163.30 ലക്ഷം രൂപയും, നോൺ പ്ളാൻ ഇനത്തിൽ 350.62 ലക്ഷം രൂപയുമാണ് വകയിരുത്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിഹിതം തീരുമാനിച്ചിട്ടില്ല. പ്ളാൻ ഇനത്തിലും, നോൺ പ്ളാൻ ഇനത്തിലും കുടിശ്ശിക കൊടുത്തുതീർക്കുവാൻ ഇനിയും തുക അനുവദിക്കേണ്ടതായുണ്ട്. അതിനാൽ ആ ഇനത്തിലുള്ള കുടിശ്ശിക എന്ന് കൊടുത്തുതീർക്കുവാൻ കഴിയുമെന്ന് പറയാനാവില്ല.

54 (1700) പുതുതായി പണിത കടൽഭിത്തികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ കൂടുതൽ കടൽഭിത്തികൾ കെട്ടുന്നതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഈ സർക്കാർ എത്ര കിലോമിറ്റർ ദൂരം പുതുതായി കടൽഭിത്തി കെട്ടിയിട്ടുണ്ട്;

(സി) എത്രദൂരം കടൽഭിത്തി കെട്ടാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 16.18 കി.മീറ്റർ നീളത്തിൽ കടൽഭിത്തി കെട്ടിയിട്ടുണ്ട്.

(സി) 87 കി.മിറ്റർ നീളത്തിൽ ഇനി കടൽഭിത്തി നിർമ്മിക്കുവാനുണ്ട്. 1999-2000- സാമ്പത്തിക വർഷത്തിൽ 5 കി.മീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ നടത്തുന്നതാണ്.

55 (1701) വർക്കലയിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടി

ശ്രി. എ. അലി ഹസ്സൻ :താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കടലാക്രമണം തടയുന്നതിന് വേണ്ടി വർക്കലയിലെ കാപ്പിൽ, ഇടവ, ഓടയം കുരയ്ക്കണ്ണി, പാപനാശം, ചിലക്കൂർ എന്നീ സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിന് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നെടുങ്ങണ്ട മുതൽ കാപ്പിൽ വരെയുള്ള തീരപ്രദേശത്ത് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവിധ നാശനഷ്ടങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. വർക്കലയിലുള്ള പാപനാശവും പരിസരപ്രദേശങ്ങളും കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി പാപനാശം ഭാഗത്ത് കി.മി. 66.060-നും 66.900 നും ഇടയ്ക്ക് 750 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധരിക്കുന്നതിനുവേണ്ടി 38.50 ലക്ഷം രൂപയുടെയും പാപനാശം ക്ളിഫ് ഭാഗത്ത് 364 മീറ്റർ നീളത്തിൽ ടൂറിസം ബീച്ചിന്റെ സംരക്ഷണത്തിനുവേണ്ടി 28.50 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സർക്കാരിന് ലഭിച്ചുവെങ്കിലും ഫണ്ടിന്റെ കുറവുകാരണം തല്ക്കാലം മാറ്റിവച്ചിരിക്കുകയാണ്. കാപ്പിൽ, ഇടവ, ഓട്ടയം, കുരയ്ക്കണ്ണി, ചിലക്കൂർ എന്നീ പ്രദേശങ്ങളിലെ പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടത്തുന്നതാണ്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തുന്നതാണ്.

56 (1703) ഇറിഗേഷൻ പ്രോജക്ടുകളിൽ അധികമായി വന്ന ജീവനക്കാർ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ പ്രോജക്ടുകളിൽ അധികമായി വന്ന ജീവനക്കാരുടെ എണ്ണത്തെപ്പറ്റി ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രോജക്ടുകളിൽ എത്ര ജീവനക്കാർ അധികമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇവർ എത്രകാലമായി അധികം എന്ന നിലയിൽ ഓരോ പ്രോജക്ടിലും തുടരുന്നു എന്ന് വിശദമാക്കുമോ;

(ഡി) ഇവരെ മറ്റു വകുപ്പുകളിലേയ്ക്ക് ഡിപ്ളോയ്മെന്റ് നടത്തുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല

(ഡി) പൂർത്തിയാക്കപ്പെട്ട പദ്ധതികളിൽ ദൈനംദിനജോലികൾ നോക്കുന്നതിന് ആവശ്യമുള്ള ജീവനക്കാരെ മാത്രം നിലനിറുത്തിക്കൊണ്ട് ബാക്കി വരുന്ന ജീവനക്കാരെ ആവശ്യമുള്ള മറ്റ് പദ്ധതികളിലേയ്ക്കും പുതിയതായി ആരംഭിക്കുന്ന ആഫീസുകളിലേയ്ക്കും ഡിപ്ളോയ്മെന്റ് വഴി മാറ്റുന്ന രീതി ഇപ്പോൾ തന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly